# സ്ത്രീകൾക്കുള്ള സ്വയം പ്രതിരോധ പരിശീലന പരിപാടി

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് വ്യവസ്ഥാപിതമായ നിയമ നടപടികൾക്ക് അതീതമായി അതിക്രമങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ സ്ത്രീകളെ സ്വയം പ്രതിരോധത്തിന് പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ കേരളാ പോലീസ് നടപ്പാക്കി വരുന്ന സ്ത്രീസുരക്ഷാ പദ്ധതികളുടെ ഭാഗമായി പോത്താനിക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പൈങ്ങോട്ടൂർ സെൻ്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ സ്ത്രീകൾക്കുള്ള സ്വയം പ്രതിരോധ പരിശീലന പരിപാടി സംഘടിപ്പിച്ചു.

21.02.2017 തീയതി രാവിലെ 10 മണിക്ക് പൈങ്ങോട്ടൂർ പഞ്ചായത്ത് മെമ്പർ ശ്രീമതി കൊച്ചുത്രേസ്യാ രാജൻെറ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം പഞ്ചായത്ത് പ്രസിഡൻ്റ് ശ്രീ. എ. വി. സുരേഷ് ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ പോത്താനിക്കാട് പോലീസ് സബ്ബ് ഇൻസ്പെക്ടർ ശ്രീ. ടി. എൻ. രാജൻ, പൈങ്ങോട്ടൂർ സെൻ്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ. ജോസി തുടങ്ങിയവർ പങ്കെടുത്തു. ഉദ്ഘാടന ചടങ്ങിന് ശേഷം ഇന്നും നാളെയുമായി എറണാകുളം ജില്ലാ പോലീസിലെ പരിശീലനം നേടിയ വനിതാ പോലീസ് ഉദ്യോഗസ്ഥർ വിവിധ സെഷനുകളായി ക്ലാസ്സുകൾ നയിക്കുകയും പ്രായോഗിക പരിശീലന പരിപാടി നടത്തുകയും ചെയ്യും.

പോലീസ് സ്ത്രീ സുരക്ഷക്കായി ഒരുക്കിയിട്ടുള്ള സേവനങ്ങളെ സംബന്ധിച്ചും സ്ത്രീകൾ പൊതുസമൂഹത്തിൽ നേരിടുന്ന അപ്രതീക്ഷിതമായ അതിക്രമ സാഹചര്യങ്ങളെക്കുറിച്ചും, അത്തരം സാഹര്യങ്ങളിൽ എങ്ങനെ പ്രതികരിക്കണം എന്നതിനെ സംബന്ധിച്ചും അതിക്രമങ്ങളിൽ നിന്നുള്ള മുൻകരുതൽ നടപടികളെ സംബന്ധിച്ചും വിശദമായി ചർച്ചയും ബോധവത്ക്കരണവും ലക്ഷ്യംവച്ചുള്ള പരിപാടിയാണിത്.


സ്ത്രീ സുരക്ഷയ്ക്ക് കേരള പോലീസ്
സ്വയം പ്രതിരോധത്തിന്റെ
സുരക്ഷാ പാഠങ്ങൾ